പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6369 03.04.2018-ന് മറുപടിയ്ക്ക്

പൊന്തൻ പുഴ വനത്തിന്റെ അവകാശം

ചോദ്യം

ശ്രീ. എം. കെ. മുനീർ
ശ്രീ. പി.കെ.അബ്ദു റബ്ബ്
ശ്രീ. പാറക്കൽ അബ്ദുല്ല
ശ്രീ. കെ.എൻ.എ ഖാദർ

മറുപടി

ശ്രീ.കെ.രാജു
(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പൊന്തൻപുഴ വനത്തിന്റെ അവകാശം സംബന്ധിച്ച കേസ്സ് വാദിക്കുന്നതിൽ സർക്കാർ അഭിഭാഷകർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടോ ; | (എ) | കേസ്സ് വാദിക്കുന്നതിൽ സർക്കാർ അഭിഭാഷകർക്ക് വീഴ്ച സംഭവിച്ചിട്ടില്ല. എം.എസ്.എ-1/1981 കേസ് ബഹു. ഹൈക്കോടതിയിൽ കൈകാര്യം ചെയ്യുന്നതിൽ സർക്കാർ ഭാഗത്തു നിന്നും യാതൊരുവിധ അനാസ്ഥയും ഉണ്ടായിട്ടില്ലാത്തതാണ്. ശ്രീ. എം.പി.പ്രകാശ്, അഡ്വക്കേറ്റിനെ ടി കേസിന്റെ മാത്രം നടത്തിപ്പിനായി സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറായി നിയമിച്ച് ഉത്തരവായിട്ടുള്ളതാണ്. എം.എസ്.എ-1/1981 കേസ് ബഹു.ഹൈക്കോടതിയിൽ 28.11.2016 തീയതി മുതൽ തുടങ്ങി ഏകദേശം മുപ്പതിലധികം ദിവസങ്ങളിൽ വാദത്തിനായി വരികയും അന്നേ ദിവസങ്ങളിലെല്ലാം സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറായി നിയമിതനായ ശ്രീ.എം.പി.പ്രകാശ് കോടതിയിൽ ഹാജരായിട്ടുള്ളതുമാണ്. കൂടാതെ പലദിവസങ്ങളിലും ഫോറസ്റ്റ് ലെയ്സൺ ഓഫീസറും കോടതിയിൽ ഹാജരായിട്ടുണ്ട്. എം.എസ്.എ-1/1981 കേസ് വാദത്തിനു ശേഷം വിശദമായ ആർഗ്യുമെന്റ് നോട്ടും ശ്രീ. എം.പി.പ്രകാശ് ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത കേസ്സ് ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (ബി) | 10.01.2018 ലെ എം.എസ്.എ 1/81 നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ വിധിയിൽ ഭൂമികളിന്മേലുള്ള മുൻകാല അവകാശ രേഖകളെ അംഗീകരിച്ചതിനെതിരെ 05.02.2018 ൽ ബഹു. ഹൈക്കോടതിയിൽ 182/2018 നമ്പരായി റിവ്യൂ പെറ്റിഷൻ ഫയൽ ചെയ്തിട്ടുണ്ട്. ആയതിൽ അന്തിമ തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ